(എ) ദിനേശ് ബീഡി സഹകരണസംഘം വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചത്; അവയ്ക്കുള്ള മുതൽമുടക്ക് എത്ര വീതമായിരുന്നു;

(ബി) ഇവ ഓരോന്നും ഇതുവരെ എന്തു നഷ്ടം വീതം വരുത്തിയിട്ടുണ്ട്;

(സി) ഈ സംരംഭങ്ങളെ കൈമാറ്റം നടത്തി പ്രസ്തുത നഷ്ടം കുറയ്ക്കുന്നതിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ ദിനേശ് ഫുഡ്സ്, ദിനേശ് അംബ്രല്ല, ഇൻഫർമേഷൻ ടെക്നോളജി സിസ്റ്റം, കൂടാതെ ദിനേശ് ആഡിറ്റോറിയം എന്നീ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുടെ മുതൽമുടക്കിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ദിനേശ് ഫുഡ്സ് .. 47 ലക്ഷം രൂപ (നഷ്ടം)
ദിനേശ് അംബ്രല്ല .. 21 ലക്ഷം രൂപ (,,)
ഇൻഫർമേഷൻ ടെക്നോളജി .. 21 ലക്ഷം രൂപ (,,)

(സി) ഇക്കാര്യം തീരുമാനിക്കേണ്ടത് ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ ഭരണസമിതിയാണ്.

വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് പദ്ധതി

40 [2177] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ജെ. ജോയി;
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം എത്ര വനിതാ സംരംഭകർക്ക് സഹായം നൽകി;

(സി) എത്ര പേർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് നടപ്പിലാക്കിവന്നിരുന്ന വനിതാ വ്യവസായ പദ്ധതി 1997 മുതൽ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തു. 2001 വരെ ജില്ലാ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി പ്രകാരം വനിതാ വ്യവസായ സ്ഥാപനങ്ങൾക്ക് സഹായം നൽകിയിരുന്നു. വ്യക്തിഗത ഉപഭോക്താക്കൾക്ക് സഹായം നൽകാൻ കഴിയില്ല എന്ന നിർദ്ദേശത്തെ തുടർന്ന് ജില്ലാ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി 2001-നുശേഷം നടപ്പിലാക്കുന്നില്ല. ആയതിനാൽ ഈ പദ്ധതി വ്യവസായ വകുപ്പിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-നുശേഷം ഈ പദ്ധതിയിൽ വനിതാ വ്യവസായികൾക്ക് ധനസഹായം നൽകിയിട്ടില്ല.

(സി) സ്ത്രീകൾക്ക് മാത്രമായി വിപണന സൗകര്യങ്ങൾക്കുള്ള പദ്ധതികളൊന്നും നിലവിലില്ല. വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് വിപണനത്തിനുള്ള പ്രോൽസാഹനമായി സാമ്പത്തിക സഹായം സബ്സിഡിയായും മാർജിൻ മണിയായും നൽകുന്നു.

വ്യവസായ നിക്ഷേപം

41 [2178] ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. കാർത്തികേയൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2001-ൽ അധികാരത്തിൽ വന്ന യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് എന്തു തുകയ്ക്കുള്ള വ്യവസായനിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ഇതുവരെ എന്തു തുകയ്ക്കുള്ള വ്യവസായ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായി;

(സി) അതിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് എത്രയെന്ന് പറയുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായരംഗത്ത് സ്വകാര്യമേഖലയിൽ 3750 കോടി രൂപയുടെ നിക്ഷേപമാണ് പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ടിരുന്നത്. ആഗോള നിക്ഷേപക സമ്മേളനത്തിൽ 26,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളുണ്ടായി. കിൻഫ്രയുടെ വിവിധ പാർക്കുകളിലായി ഏകദേശം 1,05,150 ലക്ഷം രൂപയുടെ നിക്ഷേപം ആകർഷിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നു.

(ബി) ചെറുകിട വ്യവസായ മേഖലയിൽ 75,890 ലക്ഷം രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായി. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ ഏകദേശം 367.51 കോടി രൂപയുടെ നിക്ഷേപവും കിൻഫ്രയുടെ വ്യവസായ പാർക്കുകളിലെല്ലാം കൂടി ഏകദേശം 16,555 ലക്ഷം രൂപയുടെ നിക്ഷേപവും ഉണ്ടായി.

(സി) കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ ആരംഭിച്ച പദ്ധതികളിലെ വിദേശ നിക്ഷേപം ഏകദേശം 46.42 കോടി രൂപയും കിൻഫ്രയുടെ കാക്കനാടുള്ള ഏക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 350 ലക്ഷം രൂപയുടെയും വിദേശനിക്ഷേപം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly